# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 67 — 10.02.2016 ൽ മറുപടിയ്ക്ക്

## വൈദ്യ ചികിത്സാമേഖലയിലെ അനാരോഗ്യ പ്രവണതകൾ

| ചോദ്യം<br>ഡോ.എൻ.ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും, കുടുംബക്ഷേമവും, ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | രോഗനിർണ്ണയത്തിലും മരുന്നുകൾ നിർദ്ദേശിക്കുന്നതിലും ശസ്ത്രക്രിയകൾ നടത്തുന്നതിലും മറ്റും അവലംബിക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ മൂലം പൊതുജനാരോഗ്യ രംഗത്തുണ്ടാകുന്ന വെല്ലുവിളികളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വ്യക്തമാക്കുമോ | (എ) | ഇത് സംബന്ധിച്ച് ചില പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പിൽ ഇത് സംബന്ധിച്ച പരാതികൾ കിട്ടിയിട്ടില്ല. മരുന്നുകൾ നിർദ്ദേശിക്കുന്നതിലെ അനാരോഗ്യകരമായ പ്രവണതകൾ തടയാൻ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് നാമധേയത്തിൽ മാത്രമേ മരുന്നുകൾ നിർദ്ദേശിക്കാൻ പാടുള്ളൂ എന്ന് ഉത്തരവ് നല്കിയിട്ടുണ്ട്. കൂടാതെ ചികിത്സാ മാർഗരേഖ ഉത്തരവ് പാലിയ്ക്കാത്തവർക്കെതിരെ ശിക്ഷാ നടപടികൾ നടപ്പിലാക്കുന്നതാണ്. രോഗനിർണ്ണയ സൗകര്യങ്ങൾ സർക്കാർ തലത്തിൽ വർദ്ധിപ്പിച്ചതും ഇത്തരം പ്രവണതകൾ ഉണ്ടെങ്കിൽ തടയുക എന്ന ഉദ്ദേശത്തോടുകൂടിയാണ്. |
| ബി) | പ്രസ്തുത മേഖലയിൽ ഒരു 'മെഡിക്കൽ ഓഡിറ്റ് വിംഗ്' ഏർപ്പെടുത്തുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ | (ബി) | ഒരു നയം എന്ന നിലയിൽ മെഡിക്കൽ ഓഡിറ്റിംഗ് സംവിധാനം നിലവിലില്ല. മാതൃ മരണ കാരണങ്ങളെക്കുറിച്ച് കർശനമായ ഓഡിറ്റിംഗ് നടത്തുന്നുണ്ട്. പകർച്ചവ്യാധി മരണങ്ങളെക്കുറിച്ചും വിശകലനം നടത്തുന്നുണ്ട്. |
| (സി) | വൈദ്യ ചികിത്സാമേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അനാരോഗ്യ പ്രവണതകൾ ഫലപ്രദമായി തടയുന്നതിനും ഉതകുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ | (സി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ബിൽ നിലവിൽ വരുമ്പോൾ ഇത്തരം കാര്യങ്ങളിൽ കൂടുതൽ കർശനമായ നിയന്ത്രണം സാധ്യമാകും. |

സെക്ഷൻ ഓഫീസർ